# TECH TALKS

## We Play*We Explore
## We Learn

Little Kites

# ST MARY'S GHSS
# PALA

## ഉള്ളടക്കം


കൈറ്റ് കേരള....................................................3
ഹൈടെക് സ്കൂൾ............................................3
സമഗ്ര ഇ പോർട്ടൽ..................................4
ലിറ്റിൽ കൈറ്റ്സ്..........................................4
കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL)....................................................5
കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഓൺലൈനായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓൺലൈൻ പരിശീലന പോർട്ടലാണ് കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL).സഹായക ഫയലുകളുടെയും വീഡിയോ പഠന വിഭവങ്ങളുടെയും സഹായത്തോടെ നിശ്ചിത കാലയളവിലുള്ള കോഴ്സുകളാണ് പോർട്ടലിൽ നല്കിയിരിക്കുന്നത്. പ്രൊബേഷൻ പൂർത്തീകരിക്കേണ്ട അധ്യാപകർക്കുള്ള പരിശീലന പരിപാടിയാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്...................5
ഗുരു.... എന്ന 'വെളിച്ചം'.....................................6
കുറുക്കനും കോഴിയും..........................................7
മാലിന്യവും മലയാളിയും....................................8
വസന്തം- ഒരു വേർപ്പാട്....................................9
കോഴി കുഞ്ഞ്...................................................10
ഗുരു...............................................................11
പൂമ്പാറ്റ..........................................................13
കൃഷിക്കാരൻ....................................................14
മാമ്പഴക്കാലം...................................................15
കേരളം............................................................16
അന്യായമായത് നിലനിൽക്കില്ല.......................18
മഴവില്ല്...........................................................19
പുഴയുടെ സങ്കടം...............................................20
മൊബൈൽ കുട്ടികൾക്ക് അതിമാരകം................23
ഇന്ത്യയാണ് എന്റെ നാട്..................................24
എന്റെ പൂന്തോട്ടം...............................................26
വരും തലമുറക്കായി..........................................28
എന്റെ വിദ്യാലയം.............................................29
എന്റെ മലയാളം...............................................30
രാമുവിന്റെ കൃത്യനിഷ്ട.......................................31
എന്റെ ബാല്യം.................................................33
ഭൂമിയുടെ രോദനം.............................................34
ഒന്നിലും സന്തോഷം കണ്ടെത്താത്ത യുവത്വം......36
വിസ്മയ കൗമാരങ്ങളങ്ങൾ...............................37
വായനാ ദിനം..................................................40
ദാരിദ്ര്യം.........................................................41
ദാരിദ്ര്യരേഖ.................................................42
കേരളത്തിന്റെ അവസ്ഥ...............................42

# ആശംസകൾ

ലിറ്റിൽ കൈറ്റ്സ് കുട്ടികളുകളുടെ സമഗ്രസംഭാവനകളുടെ ആകെ തുകയായ ''ടെക്ക് ടോക്ക്സ്''എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും.

ഹെഡ്മിസ്ട്രസ്.ലിസ്യൂ ജോസ്

സെന്റ് മേരീസ് ജി.എച്ച്.എസ്.പാലാ



# കൈറ്റ് കേരള

കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കിഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കുടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്.ഒരു സെക്ഷൻ 8

കമ്പനിയായാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്റ്റ് രൂപീകരിച്ചത്. 2005 ൽ പത്താംക്ളാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും സ്വതന്ത്രസോഫ്റ്റ്വെയറിലേക്കുമാറി.

## ഹൈടെക് സ്കൂൾ

നവകേരള മിഷന്റെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയിലും ഒരു ലാപ്ടോപ്പും മൾട്ടിമീഡിയ പ്രൊജക്ടറും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്യും. പ്രവർത്തനങ്ങളുടെ നിർവഹണങ്ങളുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ നടത്തുകയുണ്ടായി. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നവയാണ്.

മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി .

## സമഗ്ര ഇ പോർട്ടൽ

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ക്ലാസ്മുറികളിൽ 1 മുതൽ 12 വരെ ക്ലാസുകളിലെ പഠനത്തിനാവശ്യമായ റിസോഴ്സകൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ്, സമഗ്ര എന്ന പേരിൽ ഒരു ഇ – പോർട്ടൽ വികസിപ്പിക്കുകയുണ്ടായി. ഈ പോർട്ടലിൽ ഇ – റിസോഴ്സസുകളും പാഠപുസ്തകങ്ങളും ചോദ്യ ശേഖരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ ഈ വിഭവങ്ങൾ ലഭ്യമാണ്.

## ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

**2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.**

## കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL)

**കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഓൺലൈനായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓൺലൈൻ പരിശീലന പോർട്ടലാണ് കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL).സഹായക ഫയലുകളുടെയും വീഡിയോ പഠന വിഭവങ്ങളുടെയും സഹായത്തോടെ നിശ്ചിത കാലയളവിലുള്ള കോഴ്സുകളാണ് പോർട്ടലിൽ നല്കിയിരിക്കുന്നത്. പ്രൊബേഷൻ പൂർത്തീകരിക്കേണ്ട അധ്യാപകർക്കുള്ള പരിശീലന പരിപാടിയാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്.**

**നന്ദന ലക്ഷ്മി പി എച്ച്**

**IX A**

# ഗുരു.... എന്ന 'വെളിച്ചം'.

ഉപന്യാസം

“മാതാ പിതാ ഗുരു ദൈവം ”

ഗുരുവിനെ ദൈവമായി കരുതുന്ന ഒരു സംസ്കാരത്തിൻെ്റ പിൻതുടർച്ചക്കാരനാണ് നാമോരോരുത്തരും. ഭാരതസംസ്കാരത്തിൻെ്റ ഗുരുവിനുള്ള പ്രാധാന്യം ഒഴിച്ചു കൂടാനാവാത്തതാണ്. ത്രിമൂർത്തികളായ ബ്രഹ്മാവ്, വിഷ്ണു ,മഹേശ്വരൻ എന്നിവർ സൃഷ്ടി സ്ഥിതിസംഹാരത്തിൻെറ ശക്തികളായി കണക്കാകപ്പെടുന്നു.എന്നാൽ ഗുരു ഈ സർവ്വശക്തികളുടെയും ആധാരമാണ്.”ഗുരു” എന്നത് രണ്ട് സംസ്കൃത ശബ്ദങ്ങളിൽ നിന്നും ഉത്ഭവിച്ചതാണ് "ഗുരു“ എന്ന വാക്കിനർത്ഥം "അന്ധകാരത്തെ അകറ്റുന്നവർ" എന്നതാണ്. നമ്മുടെ മനസ്സിൽ കുടിയിരിക്കുന്ന അജ്ഞതയാകുന്ന അന്ധകാരത്തെയകറ്റി അറിവാകുന്ന വെളിച്ചം സൃഷ്ടികടന്ന വ്യക്തിയാണ് ഗുരു . അതിനാൽ 'ഗുരു നിന്ദ' അക്ഷന്തവ്യമായ കുറ്റമാണ് . തിന്മയിൽനിന്ന് നന്മയിലേക്ക് വഴിതെളിച്ചുനൽകുന്ന ഗുരു ദൈവത്തിന്റെ പ്രതിരൂപമാണ്. ഒരു വ്യക്തിയാണ് ഗുരു ഒരു വ്യക്തിയുടെ ജീവിതത്തെ വാർത്തെടുക്കുന്ന ഗുരു . അയാളുടെ ജീവിതത്തിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ഗുരു ഒരിക്കലും വറ്റാത്ത അറിവിന്റെ വെളിവെളിച്ചമാണ്.

നമ്മുടെ ഇതിഹാസങ്ങളായ രാമയണവും മഹാഭാരതവുമെല്ലാം ഗുരു ശിഷ്യബന്ധത്തിന്റെ പവിത്രത വരച്ചുകാട്ടുന്നവയാണ്. സങ്കൽപ്പത്തിൽ മാത്രം ഗുരുവായി മനസ്സിൽ പ്രതിഷ്ഠിച്ച ഗുരുവിനു സ്വന്തം തള്ളവിരൽ ദക്ഷിണയായി നൽകിയ ഏകലവ്യവൻ ഗുരു ഭക്തിയുടെ അനന്യമാതൃകയാണ്. പവിത്രമാണ് ഗുരു ശിഷ്യബന്ധം."മാതാ പിതാ ഗുരു ദൈവം”.മാതാവിനും , പിതാവിനുമൊപ്പം സ്ഥാനീയാണ് ഗുരു. ഗുരുനിന്ദ പാപമാണ്,ഗുരു വന്ദനം പുണ്യവും.അതിനാൽ നന്മയുടെ നിറകുടമായ ഗുരുവിനെ നമ്മുക്കെന്നും നന്നിയോടെ വന്ദിക്കാം.

എൻെറ എല്ലാ ഗുരുക്കന്മാർക്കും പ്രണാമം

"ഗുരുബ്രഹ്മ ഗുരുവിഷ്ണു ,ഗുരുദേവോ മഹേശ്വരാ".

"ഗുരുർ സാക്ഷാൽ പരബ്രഹ്മ തസ്മൈ ശ്രീ ഗുരുവെ നമ."

സാനിയ ബിജു

VIII D

# കുറുക്കനും കോഴിയും

കഥ

ഒരിടത്തോരിടത്ത് മിക്കുവെന്ന കുറുക്കനും മിന്നുവെന്ന ഒരു കോഴിയും ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും ശത്രുകൾ ആയിരുന്നു. അങ്ങനെ ഒരു ദിവസം മിക്കുവിന് വിശന്നു ആ സമയം അതുവഴി മിന്നു പേകുന്നുണ്ടായിരുന്നു ആ തക്കംനോക്കി മിന്നുവിനെ പിടിക്കാൻ ശ്രമിച്ചു.പക്ഷെ കിട്ടിയില്ല . അതുവഴി പോയ പുലി അത് കണ്ടു. ഉടൻ തന്നെ പുലി മിന്നുവിനെ അവന്റെ കെണിയിൽനിന്നും രക്ഷപ്പെടുത്താൻ ശ്രമിച്ചു. ഉടനെ മിക്കു കുഴിയിൽ വീണു. പുലിപറഞ്ഞു ഒരാളെ കെണിയിൽ വീഴ്ത്താൻ ശ്രമിച്ചാൽ അവർ തന്നെയായിരിക്കും കെണിയിൽ വീഴുന്നത്. ഇത് കേട്ടു ലജ്ജിച്ചുപോയ മിക്കു തല താഴ്ത്തി . ഇതോടെ ഇവർ മൂന്നുപേരും സന്തോഷത്തോടെ കൂട്ടുകാരായി ഒത്തോരുമിച്ച് ജീവിച്ചു. പക്ഷെ ഇടയ്ക്കിടെ ഇവർ തമ്മിൽ ചെറിയകലഹങ്ങൾ ഉണ്ടായിട്ടുണ്ട്. അന്നാലും പിരിയാതെ കൂട്ടുകാരായി നടന്നു. ഇവർ മൂവരും കാട്ടിലെക്കൂട്ടുകാരായിരുന്നെങ്കിലും പല വീട്ടിലും പല രീതിയിലുമായിരുന്നു അവരുടെ ജീവിതം . പെട്ടെന്ന് ഈ കൂട്ടത്തിൽനിന്ന് മിന്നു മരിച്ചുപോയി . പക്ഷെ നാളുകൾക്ക് ശേഷം മിക്കുവും പുലിയും സന്തോഷത്തോടെ ജീവിച്ചു.

നന്ദി

താബിത്താ

VIII E

# മാലിന്യവും മലയാളിയും

ഉപന്യാസം

" ഇനിയും മരിക്കാത്തഭൂമി

നിന്നാസന്നമൃതിയിൽ

നിനക്കാത്മശാന്തിയിൽ"

പാലൂട്ടി തേനൂട്ടി പരിപാലിച്ച സ്വന്തം മക്കളുടെ തന്നെ പീഢനങ്ങളേറ്റവശയായി ചീഞ്ഞളിഞ്ഞ മാലിന്യക്കുമ്പാരവുമ്പേറി മുണ്ഡിതശിരസ്കയായി സൗരയൂഥ പെരുവഴിയിലൂടെ ഏങ്ങിവലിഞ്ഞു നീങ്ങുന്ന ഭൂമിമാതാവിന് മലയാളത്തിൻെറ പ്രശസ്ത കവി ശ്രീ ഒ.എൻ.വി.കുറുപ്പ് നെഞ്ചകം പൊട്ടിപാടുന്ന ചരമഗീതമാണിത്.ശ്വസിക്കാൻ വായുവും കുടക്കാൻ ശുദ്ധജലവും ഭക്ഷിക്കാൻ കായ്കനികളും നൽകി മനുഷ്യരെയും മൃഗങ്ങളെയും സകലജ്ജീവജാലങ്ങളയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുപാലിച്ച ഭൂമിയെ സ്വന്തം മാതാവിനെ പോലെ സ്നേഹിക്കേണ്ടവനാണ് മനുഷ്യൻ.എന്നാൽ മുലപ്പാലിലൂടെ ഹൃദയരക്തം ഊറ്റിനൽകിയ മാതാവിന്റെ മാറുപിളർന്ന് ചുടുചോര കുടിച്ച് ഉന്മത്തതനായി നന്ദികേടിന്റെ മൂർത്തിഭാവമായി മാറിയ പുത്രന്റെ ആധുനിക അവതാരങ്ങളായി ഇന്ന് മനുഷ്യൻ മാറികൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ സ്വന്തം നാട് എന്നത് കേവലം പരസ്യവചകമല്ല.പകരം വയ്ക്കാൻ മറ്റൊന്നില്ലാത്തവിധം പ്രകൃതി സൗന്ദര്യത്താലും നല്ല കാലാവസ്ഥയാലും അനുഗ്രഹീതമാണ് കേരളം.

സുന്ദരമായ തനത് സംസ്കാരവും ഭാഷയും ജീവിതശൈലിയും നമുക്കുണ്ട്.

ആരോഗ്യവിദ്യാഭ്യാസ സൈന്ത്തിക മേഖലകളിലും ലമുക്ക് നല്ല ഒരു സ്ഥാനമുണ്ട്.എന്നാൽ പ്രകൃതി നൽകിയ ദാനങ്ങളിൽ ചിലതൊക്കെ പുരോഗതിയുടെ വഴിവക്കിൽ ഉടഞ്ഞുപോകുന്ന കാഴ്ചയാണ് നാമിന്ന് നമ്മുടെ പരിസ്ഥിതിയിൽ കാണുന്നത്.

സമിഗമല്ലാത്ത പുരോഗതി മൂലം ജലവും വായും വിഷലിപ്തമായികൊണ്ടിരിക്കുന്നു. നമ്മുടെ പൂർവ്വികർ ബഹുമാനിച്ചിരുന്ന പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടുള്ള തലതിരിഞ്ഞ ജീവിതശൈലിമൂലം പട്ടണങ്ങൾ മാലിന്യക്കൂമ്പാരം പുറന്തള്ളുന്നു.ഇതുമൂലം വനപ്രദേശങ്ങൾ മുണ്ഡനം ചെയ്യപ്പെടുന്നു.ഭർത്താവ് ജോലിക്കു പോകുമ്പോൾ വഴിയരികിൽ വലിച്ചെറിയാൻ മാലിന്യങ്ങൾ കൂട്ടിലാക്കി കൊടുത്തുവിടുന്ന വീട്ടമ്മമാരും.പട്ടണമതിലുകൾ പോസറ്ററും ഫ്ളക്സും ഒട്ടിച്ച് കൂടുതൽ വൃത്തിഹീനമാക്കുന്നവരുമൊക്കെ സാമ്പത്തികനേട്ടങ്ങൾക്കിടയിൽ സംസ്കാരം മറന്നുപോയ മലയാളികളുടെ പ്രതീകങ്ങളാണ്.

ആഗ്നസ് തോമസ്

IX A

# വസന്തം- ഒരു വേർപ്പാട്

കവിത

വസന്തം പൂക്കൾക്കുമില്ല പൂങ്കാറ്റിനുമില്ല
വാടുന്ന പൂവിൻെറ പഴകിയ ഓർമ്മകൾക്കാണ്
ഇന്നോ നാളെയോ മണ്ണിലേക്കലിയേണ്ടതാ
ണെന്ന ബോധ്യത്തിലും തണ്ടിനെ
നെഞ്ചോടുചേർത്ത് പുഞ്ചിരിക്കുന്ന
പുഷ്പത്തിൻ പുഞ്ചിരിയിൽ വിരിയുന്ന വസന്തം

തന്നെ ചേർത്തു നിർത്തിയ ഇലകളോട്
വിടപറയുന്ന വേളയിൽ മിഴിനീർ കണങ്ങൾ
പൊഴിക്കാനാവാതെ വിതുമ്പുന്ന പൂവിൻെറ
ഉണങ്ങിയ ഇതളുകൾക്കാണ് വസന്തം

വസന്തം പൂവിൻെറ നിർഭംഗിക്കുമില്ല
വസന്തം  പൂവിൻെറ പൂമ്പൊടിക്കുമില്ല
വസന്തം പൂങ്കാറ്റിൽ വീശിയടിക്കുന്ന
പുഷ്പത്തിൻ സുഗന്ധത്തിനുമില്ല

വസന്തം  പൂവിൻെറ  ഓർമ്മകൾക്കുമാത്രം
ആരാലും തിരുത്താനും തിരിക്കാനും
മറക്കാനും ജീവിക്കാനും പറ്റാത്ത
ഓർമ്മകൾക്കുമാത്രം......

അവന്തിക അനിൽ    IX A

# കോഴി കുഞ്ഞ്

കവിത

കുഞ്ഞേ കുഞ്ഞേ കോഴി കുഞ്ഞേ
അമ്മ പറഞ്ഞാൽ കേട്ടോണേ
കണ്ടവഴിക്ക് നടക്കരുതേ
കുഞ്ഞേ കുഞ്ഞേ കോഴി കുഞ്ഞേ..
കാക്കച്ചാരുടെ കൈയ്യിപെട്ടാ  കാര്യം പോക്കാണേ
അമ്മ പറഞ്ഞതു കേട്ടാ നല്ലത് ,
ഇല്ലേൽ ആപത്താ ......
കുഞ്ഞേ കുഞ്ഞേ കോഴി കുഞ്ഞേ
അമ്മ പറഞ്ഞാൽ കേട്ടോണേ.

അമൃത.എം.നായർ
VII B



# ഗുരു

കവിത

പുല്ല് മെടഞ്ഞാൽ  പായുണ്ടാക്കാം,

കല്ല് പണിഞ്ഞാൽ കെട്ടിടമുണ്ടാക്കാം.

അക്ഷരം ചേർത്താൽ വാക്കാകും,

വാക്ക ചേർന്നാൽ വാചകമാകും.


ഗുണമെന്നാ ഗുരു .
അക്ഷരവിദ്യ പഠിപ്പിക്കാൻ  ഗുരു ഉണ്ടല്ലോ

നമ്മെ  അറിവിൻ വഴി കാട്ടാൻ ഗുരു ഉണ്ടല്ലോ.

സ്നേഹ സിജോ

VII D





ആദിത്യ എസ്.

IX D

# പൂമ്പാറ്റ

കവിത

പാറി നടക്കും കുഞ്ഞി    പൂമ്പാറ്റ
തേൻ കുടിക്കും  പൂമ്പാറ്റ
മറ്റുള്ളവരെ സഹായിക്കുന്ന പൂമ്പാറ്റ
എന്നും എന്നെ കാണുന്ന പൂമ്പാറ്റ
സന്തോഷിക്കും പൂമ്പാറ്റ
മറ്റുള്ളവരെ ഉമ്മ വയ്ക്കും പൂമ്പാറ്റ
കുട്ടികളുമായി കളിക്കും പൂമ്പാറ്റ
കുട്ടികളുമായി കൂട്ടുകൂടും പൂമ്പാറ്റ
എല്ലാവർക്കും നന്മവരുത്തും കുഞ്ഞി    പൂമ്പാറ്റേ.......

ലിയ മരിയ തോമസ്



VII D

# കൃഷിക്കാരൻ

കഥ

കൃഷിക്കാരന് മൂന്നു മക്കൾ   ഉണ്ടായിരുന്നു. അയാൾ  മക്കളോട് പറഞ്ഞു ഈ ഭൂമി വിക്കരുതെന്നും,ഇവിടെ നിധി ഉണ്ടെന്നും.കുറച്ചു ദിവസം കഴിഞ്ഞ് കൃഷിക്കാരൻ മരിച്ചു. മക്കൾ കൃഷിസ്ഥലത്ത് തപ്പാൻ തുടങ്ങി.മൂന്നു തവണ കുഴിച്ചു.നിധി കിട്ടിയില്ല.പിന്നീട് മക്കൾ കഠിനാദ്ധ്വാനം ചെയ്ത് ജീവിച്ചു.

കൃഷിസ്ഥലത്ത്  ധാന്യങ്ങൾ  വിതച്ചു. വിളവെടുത്തു. എല്ലാകണക്കുകളും തീർത്തുകഴിഞ്ഞിട്ടും  ലാഭമായി ധാരാളം പണം കിട്ടി.എല്ലാവരെക്കാളും പണം അന്ന് അവർക്ക് കിട്ടി.അപ്പോഴാണ് പിതാവു പറഞ്ഞ നിധി എന്താണെന്ന്  അവർക്ക് മനസ്സിലായത്. ഏറ്റവും വലിയ നിധി അദ്ധ്വാനമാണെന്ന് അവർക്ക് മനസ്സിലായി.

ഗുണപാഠം  : അദ്ധ്വാനമാണ്  ഏറ്റവും വലിയ നിധി..



സാന്ദ്ര മരിയ മാത്യു

VI C

# മാമ്പഴക്കാലം

കവിത

തേന്മാവുകളെല്ലാം പൂത്തുലഞ്ഞു
തേൻക്കനിയുണ്ണാൻ കാത്തിരുന്നു
പൂങ്കുല കണ്ട് കണ്ണു കുളിർന്നു
തേൻക്കനിയുണ്ണാൻ നാവു കൊതിച്ചു
അമ്മ തന്നു തേൻവരിക്കാ
നുകരാൻ എന്തു രസം തേൻവരിക്കാ
കൊതിയോടതു നാവിൽ വയ്ക്കാൻ



അൽഫോൻസാ റോസ് ബിജു
VI C



# കേരളം

കവിത

പലപല വർണ്ണങ്ങൾ പലപല ഭാഷകൾ
എന്തു സുന്ദരം എൻറെ കേരളം
പച്ച പുതച്ച കേരളം
എൻറെ  അമ്മയെന്ന കേരളം
കാണാൻ  എന്തു സുന്തരം
ദൈവത്തിൻറെ സമ്മാനം
എൻറെ സുന്ദരം  കേരളം







അൽഫോൻസാ

VI A



റോസ് മോൾബിനോയി

IX D

# അന്യായമായത് നിലനിൽക്കില്ല....

കഥ

പണ്ടു  പണ്ടു രമണി എന്ന പാൽ വിൽപ്പനക്കാരിയുണ്ടായിരുന്നു .അവൾ രാവിലെ എഴുന്നേറ്റ് നാട്ടുമുളുഴുവനും പാൽ വിൽക്കും.  .അവൾ പാൽ വിൽക്കുന്നതിനിടെ ഒരു പാൽക്കാരൻ പുഴയിലെ വെള്ളം പാലിൽ ചേർക്കുന്നത് കണ്ടു. പാലിൽ വെള്ളം ചേർത്താൽ കൂടുതൽ പണം ഉണ്ടാക്കാം എന്ന് അവൾ ചിന്തിച്ചു. അവൾ പാലിൽ വെള്ളം ചേർത്ത് വിറ്റു. പണം ഉണ്ടാക്കി. അങ്ങനെ അവൾ ജീവിച്ചു.കുറെ കഴിഞ്ഞ്  അത് നാട്ടുകാർ കണ്ടു പിടിച്ചു. അവളെ പോലീസിൽ ഏൽപ്പിക്കാൻ തുടങ്ങി.അപ്പോൾ അവൾക്ക് മനസ്സിലായി :

അന്യായമായത് നിലനിൽക്കില്ല....

ലീയ മരിയ രാജു

V C

# മഴവില്ല്

## കവിത

ഏഴുനിറത്താൽ തിളങ്ങും മഴവില്ല്
 നീ വർണ്ണങ്ങൾ ചിതറുന്ന
എൻ മനസ്സിൽ സ്നേഹം വിതറുന്ന
തളിർ മാല ഞാൻ അണിയിക്കാം
പൂന്തേൻ തന്നീടാം
എൻ മനസ്സിൻ സ്നേഹം തന്നീടാം
പെന്നു പോലെ നോക്കീടാം
ഏഴുനിറത്താൽ തിളങ്ങും മഴവില്ലെ
നിൻ വർണ്ണങ്ങൾ തന്നീടാമേ
നിൻ സ്നേഹങ്ങൾ തന്നീടാമേ
എൻ കൂടെ പോരാമോ...

ആലോണ തേരെസ് റോയി
VII D



# പുഴയുടെ സങ്കടം

കവിത



പുഴ സങ്കടം കൊണ്ടു നിൽപ്പൂ
ഈ ലോകത്തിൽ
മാലിന്യങ്ങൾ വലിച്ചെറിയുന്ന
പുഴയിലെയ്ക്ക്

പുഴയിലെ  മാലിന്യത്തിൽ
മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു
പ്ലാസ്റ്റിക്കുകളും കുപ്പികളും
കൊണ്ട് നിറഞ്ഞിരിക്കുന്നു
നമ്മുടെ  പുഴകൾ

ഈ പുഴയുടെ സങ്കടം കാണുന്നുവോ
ഇനി വരുന്ന തലമുറ പുഴയെ
എങ്ങനെ സ്നേഹിക്കും??

ഭാഗ്യലക്ഷ്മി മനോജ്
VII D




അനഘ മോൾ കെ. പി


IX D

# മൊബൈൽ കുട്ടികൾക്ക് അതിമാരകം

കഥ

കുട്ടികളുടെ ഇടയിൽ മൊബൈൽ മയക്കുമരുന്നുകളെക്കാൾ മാരകം എന്ന് വിദഗ്ധർ പറയുന്നു.മയക്കുമരുന്നിന് അടിമകളായവരെക്കാൾ അധികം കുട്ടികൾ മൊബൈലിനാണ് അടിമകളായത്.

കുഞ്ഞുങ്ങളെ അടക്കിയിരുത്താൻ മാതാപിതാക്കൾ കണ്ടെത്തിയ വഴിയാണ് മൊബൈൽ. കുട്ടികൾകൾ മൈതാനത്ത് കളിക്കുന്നതെല്ലാം മാറി. മൂന്നു വയസ്സുള്ള കുട്ടികൾ ക്കുവരെ കളിക്കാൻ മൊബൈൽ നല്കുന്നു. കാഴ്ച്ചയുടെ വിശാലത നഷ്ടമാകുന്നതോടെ നേത്യരോഗങ്ങൾ പിടിപെടുന്നു.കുട്ടികൾക്ക് മാത്രമല്ല മുതിർന്നവരുടെ ഇടയിലും അഡിക്ഷൻ ഉണ്ട്.



അമ്പിളിമാമനെ കാണിച്ച് പണ്ട് കുട്ടികൾക്ക് ഭക്ഷണം കൊടുത്തിരുന്നു.

ഇന്ന് പകരം മൊബൈൽ കാണിച്ച് ഭക്ഷണം കൊടുക്കുന്നു. മൊബൈലിന് നല്ലതും, ചീത്തയും ഉണ്ട്. നല്ലരീതിയിൽ മൊബൈൽ ഉപയോഗിക്കുക.കുട്ടികളുടെ ഇടയിൽ മൊബൈൽ ഉപയോഗം സാധിക്കുന്നതും കുറയ്ക്കുക..

ക്രുഷ്ണപ്രിയ വി എസ IX D

# ഇന്ത്യയാണ് എന്റെ നാട്

കവിത

ഇന്ത്യയാണ് എന്റെ നാട്
ഭാരത മക്കൾ തൻ നാട്




ദൈവത്തിൻ നാട്
സ്നേഹത്തിൻ നാട്
നന്മതൻ നാട്
തിന്മയില്ലാത്ത നാട്
കനിവിൻ നാട്
വൃക്ഷങ്ങൾ തൻ നാട്
ഹിന്ദുവിൻ നാട്
മുസൽമാനിൻ നാട്
ക്രിസ്ത്യനിൻ നാട്
എല്ലാ മതങ്ങളുടെയും നാട്
എല്ലാവരുടെയും 'അമ്മ നാട്

മഴയും വേനലും മഞ്ഞും
പല കാലാവസ്ഥയുടെയും നാട്
എന്റെ സ്വന്തം നാട്
നമ്മുടെ സ്വന്തം നാട്

ദേവാഞ്ജന എസ്

VI B



# എന്റെ പൂന്തോട്ടം

കവിത

എനിക്കുണ്ടൊരു  പൂന്തോട്ടം
മനോഹരമായ പൂന്തോട്ടം
എന്റെ സുഹൃത്തായ പൂന്തോട്ടം പലതരം
മുല്ല ,റോസ് പലതരംപൂക്കൾ
ഓരോ ദിവസവും പൂക്കൾ തരും പൂന്തോട്ടം
എന്നും ഞാൻ നനച്ചീടും പൂന്തോട്ടം
എന്റെ ചക്കര പൂന്തോട്ടം
എന്റെ സ്വന്തം പൂന്തോട്ടം
മനോഹരമായ എന്റെ പൂന്തോട്ടം

അൽഫോൻസാ റോസ്  ബിജു

VI B



# വരും തലമുറക്കായി

കവിത

മതമില്ലേലും

മനുഷ്യന് ജീവിക്കാം ..

മറ്റ് അനേകം കോടി

ജീവികളെ പോലെ

പക്ഷെ ...........

മരവും ,മണ്ണും

പുഴയും ഇല്ലങ്കിൽ ??

ഇനിയുമൊരായിരം മതങ്ങളെ

സൃഷ്ടിക്കാൻ നമുക്കാവും

അതിനാൽ

വരും തലമുറക്കായി മതമല്ല

വായുവും വെള്ളവും ആണ്

നാം

സംരക്ഷിക്കേണ്ടത് .....

ആൻ മരിയ റോണി

VII D

# എന്റെ വിദ്യാലയം

കഥ

എന്റെ ജീവിതത്തിലെ മറക്കാനാവാത്ത സുന്ദര നിമിഷങ്ങളാണ് സ്കൂൾ ജീവിതം .മനോഹരമായ നിമിഷങ്ങൾ.സ്കൂൾ ആണ് ഒരു കുട്ടിയുടെ ജീവിതത്തെ ഏറ്റവും അധികം സ്വാധിനിക്കുന്നത്.ഒരു സ്കൂളിന്റെ സമ്പത്താണ് അദ്ധ്യാപകർ . എന്റെ സ്കൂളിലും അതുപോലത്തെ അദ്ധ്യാപകർ ഉണ്ട് .കുട്ടികളായ ഞങ്ങളെ സ്വന്തം കുട്ടികളെ പോലെ തന്നെ അവർ കാണുന്നു,സ്നേഹിക്കുന്നു .ഒരു കൂട്ടുകാരിയോട് എന്നപോലെ ഞങ്ങൾക്ക് എന്തും അവരോട് പറയാനാകും . ഞങ്ങടെ എല്ലാ ദുഃഖങ്ങളിലും ഞങ്ങളെ അവർക്കാവുന്നതുപോലെ സഹായിക്കാറുണ്ട് . ഞങ്ങൾ ഒരു കൂട്ടുകാരിയെ പോലെയാണ് അവരെയും കാണാറ് . ഈ സ്കൂളും ,അദ്ധ്യാപകരും ഞങ്ങൾക്ക് കിട്ടിയതിൽ ദൈവത്തിന് നന്നിയുണ്ട് .ഞാൻ എന്റെ ഈ ജീവിതത്തിൽ സെന്റ് മേരീസ് സ്കൂളും ,അധ്യാപകരെയും ,എന്റെ കൂട്ടുകാരെയും മറക്കില്ല .............




സാനിയ തോമസ്

IX D

# എന്റെ മലയാളം

കവിത

എന്റെ ഭാഷ മലയാളം
എത്ര സുന്ദരം ഈ മലയാളം
എന്റെ ഗുരു എൻ നാവിൽ എഴുതിയ
ആദ്യ അക്ഷരം എൻ മലയാളം
എൻ അമ്മയാണെൻ മലയാളം
ഏതു നാട്ടിലും എന്നെ ഞാൻ ആക്കിയ മലയാളം
ഒരിക്കിലും മറക്കില്ല ഞാൻ എൻ മലയാളം

സാഹിത്യ ഹരിഹരൻ
VI C



# രാമുവിന്റെ കൃത്യനിഷ്ഠ

കഥ

ഒരു പട്ടണത്തിൽ രാമു എന്നൊരു കുട്ടി ഉണ്ടായിരുന്നു. അവൻ എന്നും വൈകിയാണ് ഉണരുന്നത്. കുളിക്കാനും ഉണ്ണാനും സ്കൂളിൽ പോകാനും എന്നും വൈകും. സ്കൂളിൽ വൈകിയെത്തുന്നതിനു അധ്യാപകർ എന്നും വഴക്കു പറയും. അമ്മയും അച്ഛനും ശകാരിച്ചിട്ടും രാമുവിന്റെമടി മാറിയില്ല. സ്കൂളില്നിന്നും മൈസൂറിക്ക് വിനോദയാത്ര പോകാൻ തീരുമാനിച്ചു. രാമുവും പേര് കൊടുത്തു. "രാമു നേരത്തെ വരണം കേട്ടോ".അധ്യാപകൻ പറഞ്ഞു.എന്നാൽ രാമു പതിവ് പോലെ ടൂറിൻറെദിവസവും വൈകിയാണ് ഉണർന്നത്. കുളിയും, കാപ്പികുടിയും ഒക്കെക്കഴിഞ്ഞു രാമു സ്കൂളിൽ എത്തിയപ്പോൾ 8 :30 ആയി.
8 മണിക്ക് സ്കൂളിൽ എത്തണം എന്ന് പറഞ്ഞിരുന്നതാണ് ചെന്നപ്പോൾ എല്ലാവരും ബസിൽ കയറി മൈസൂറിക്ക് പോയിരുന്നു. നേരം വായിക്കിയതിന്റെ നഷ്ടം രാമുവിന് മനസിലായി .അവൻ കരഞ്ഞു കൊണ്ട് വീട്ടിൽ തിരിച്ചെത്തി . നേരത്തെ എഴുനെൽകാത്തതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് 'അമ്മ അവനോട് പറഞ്ഞു. ഇനി മുതൽ എന്നും രാവിലെ നേരത്തെ എഴുന്നേൽക്കും എന്ന് രാമു പ്രേതിജ്ഞ എടുത്തു. അങ്ങനെ ചെയ്യുകയും ചെയ്തു.
രാമൻ അന്ന് മുതൽ നല്ല കുട്ടിയായി തീർന്നു.

ക്യാതെറിന് ബെന്നി
V B




നീരജാ .എസ്

IXD

—

# എന്റെ ബാല്യം

കവിത

നിദ്രയിലാണ്ടു ഞാൻ  വിശ്രമിക്കുമ്പോൾ
ഞെട്ടി ഉണർന്നത് എൻ  സ്വപ്നങ്ങളും .
അറിയാതെ കണ്ടു ഞാൻ മഴയിൽ കുളിച്ചതും
പനിയും പിടിച്ചു കിടക്കുന്നതും .
ബാല്യത്തിൻ  ഓർമ്മകൾ പകരുമ കനവുകൾ
എൻജീവിതത്തിന്റെ കേന്ദ്രമല്ലോ .
തേന്മാവിൻ നിന്നൊരാ മാങ്ങാ പരിച്ചതും
ഇന്നെന്റെ   നിനവിൽ തങ്ങിനില്പ്പൂ
ആവില്ലൊരിക്കലും മായ്ക്കാൻ മറക്കുവാൻ
എൻ ബാല്യത്തിൻ  സ്വപ്നങ്ങളെ .

അന്നാ കരോളിൻ ജോർജ്
IX D

# ഭൂമിയുടെ രോദനം

കവിത

അമ്മയാം ഭൂമിയെ, നെഞ്ചിലെ നെരിപ്പോട്
കത്തിയെരിയുന്നുവോ?
നിനക്ക് ശ്വാസം മുട്ടുന്നുവോ?

ആലോചനയില്ലാത്ത മർത്യന്റെ
എടുത്തുചാട്ടം നിന്നെ
കണ്ണീരിലാഴ്ത്തിയോ അമ്മേ?

നിൻ വേദന ഞാനറിയുന്നു
നിൻ നൊമ്പരം ഞാൻ അനുഭവിക്കുന്നു
നിൻ കണ്ണുനീർ തുള്ളികശ്
മനുഷ്യന്റെ മനസ്സു മാറ്റുമോ?

നീലിമ പോറ്റുന്ന നീലാകാശത്ത്
പക്ഷികശ് തൻ കരച്ചില കേശ്ക്കുന്നില്ല?
ഞങ്ങളുടെ വീടെവിടെ ?
മുട്ടയെവിടെ? കുഞ്ഞുങ്ങളെവിടെ?
എല്ലാം നശിപ്പിച്ചമനുഷ്യന്റെ കുടിലബുദ്ധി.

പ്രഭയാർന്നു ശോഭിക്കുന്ന സൂര്യചന്ദ്രന്മാരെ,
താരകങ്ങളെ, മനുഷ്യൻ നിങ്ങളെ തൊട്ടുകഴിഞ്ഞു.

ആർത്തിപൂണ്ട മനുഷ്യൻ

ഇനിയെന്തൊക്കെചെയ്യുമെന്ന് ആരുകണ്ടു?

വെട്ടിക്കളഞ്ഞില്ലേ ഫലം തരുന്ന

വൃക്ഷങ്ങളെല്ലാം

ഫലം എന്തെന്ന നീ അറിയുന്നില്ലേ?

ബുദ്ധിശൂന്യാ,മർത്യാ ഇതിന്റെ

പ്രളയത്തിൻ കാരണം തേടി

എങ്ങും അലയേണ്ട

നീതന്നെയതിൻ കാരണം.

അൽപം ജീവശ്വാസത്തിനായി

നീ പിടയുമ്പോൾ, ഓർക്കുക,

നിൻ പ്രവർത്തികൾ തൻ

ഫലം നിനക്കു കിട്ടി.

ധാത്രിയാം ധരണിയേ മാപ്പ് !



അഞ്ജു രാജ്.എൻ

IX B

# ഒന്നിലും സന്തോഷം കണ്ടെത്താത്ത യുവത്വം

ഉപന്യാസം

ടൂവീലറുക്കാരൻ എത്തിക്കുന്ന ഓൺലൈൻ വിഭവങ്ങൾ ഭുജിക്കുമ്പോഴും,സ്മാർട്ട് ഫോണും അന്നന്നുവേണ്ടുന്ന ഒന്നര ജീ.ബി.ഡാറ്റയുമൊക്കെ കിട്ടിയിട്ടും ഓരേ ദിവസം കഴിയും തോറും നാം കൂടുതൽ നിരാശരും ഭയചകിതരുമായി മാറിക്കൊണ്ടിക്കുന്നു എന്നതാണ് പരമായസത്യം

മനുഷ്യൻെറ ഹൃദയശൂന്യത വർദ്ധിച്ചു എന്നു മാത്രമല്ല ,ഒന്നിലും ശുഭാപ്തി വിശ്വാസമില്ലാത്ത നൈരാശ്യം ഹൃദയത്തിൻെറ അടിത്തട്ടിൽ വ്യാപിച്ചു കഴിഞ്ഞുതാനും നമ്മുടെ പുതുതലമുറയുടെ മാനസിക ആരോഗ്യവും ,ജീവിത പ്രതിസന്ധികളെ നേരിടാനുള്ള അർജവത്വവും വളരെ പരിതാപകരമാണെന്നതും ഞെട്ടലുളവാക്കുന്ന യാഥാർത്ഥ്യമാണ്.

ജീവിക്കുന്നതിൻെറ സന്തോഷം ആഗോലവ്യാപകമായിത്തന്നെ മനുഷ്യനിൽ നിന്ന് മാഞ്ഞുകൊണ്ടിരിക്കുകയാണ്.

ഈ പുതിയ വർഷത്തിൽ ജീവിതത്തെ കൂടുതൽ അർത്ഥപൂർണമാക്കാൻ നാം കൂടുതൽ ജാഗ്രത പുലർത്തണം. ഈ പുതിയവർഷത്തിൽ നമുക്കും ആഹ്ലാദിക്കാം. ആനന്ദിക്കാം. അതിന് വിഷാദത്തെ ചെറുത്ത മഹാനായ മനുഷ്യസ്നേഹിയുടെ ജീവിതശൈലി പ്രചോദനമാകട്ടെ.നവവത്സരാസരാശംസകൾ!

അമൃതാ സജി
IX B

# വിസ്മയ  കൗമാരങ്ങളങ്ങൾ

ഉപന്യാസം

ചങ്കുകൾക്കൊപ്പം  മീശപ്പുലിമലയിലെ  ഇുവെള്ള മേഘഹങ്ങൾക്കരികെ മഞ്ഞു പെയ്യുന്നതു കാണാനും തവാങ്ങിലോളം നീളുന്ന ദൂരെ യാത്രകൾ പോകാനും ഇഷ്ടപ്പെടുന്നവരാണ് ഇന്നത്തെ യുവാക്കളിലധികവും. ലിംഗഭേദമില്ലാതെ സംഘം ചേർന്നുള്ള നൈറ്റ് റൈഡുകളും ലേറ്റ് നൈറ്റ് വീഡിയോ ചാറ്റുകളും പീർഗ്രൂപ്പ് ഔട്ടിങ്ങും ജങ്ക് ഫുഡ്ഡിഭ്ഭമെല്ലാം ഇവരുടെ കൊടിയടയാളങ്ങളളാണ്. സിനിമ, മ്യൂസിക്, ഡാൻസ് ഇങ്ങനെ നിരവധി കലാരൂപങ്ങളും മുൻ നിറുത്തിയുള്ള സ്വയം പ്രകാശന ശ്രമങ്ങളും സോഷ്യൽ മീഡിയ ആക്ടിവിസവുമെല്ലാം ഈ സങ്കീർണ്ണ സംസ്കാരത്തിന്റെ  ഭാഗം തന്നെ.

വാട്സാപ്പ് സ്റ്റാറ്റസുകളും  ട്രോളംകളും പുതുതലമുറയുടെ പുതുകാലത്തിന്റെയും-സൈമൂഹിക ഭാഷയാണ്. ഇവയെ വിമർശിച്ചു പുറം തിരിയുകയും ആക്ഷേപിച്ച് വർജിക്കുകയും ഗുണദോഷിച്ച് തൃപ്തിപ്പെടുകയും ചെയ്യുന്നതിലൂടെ മെച്ചപ്പെട്ട വിനിമയമോ സഘലമായ ഇടപെടലോ സാധ്യമാവില്ല. മറിച്ച്, പുതുതലമുറയുടെ പരിണമിക്കുന്ന സാംസ്കാരിക ഭാവുകത്വമായും അനുഭവാന്തരീക്ഷമായും ഇവയെ തിരിച്ചറിയുകയും അഭിമുഖീകരിക്കുകയും വിമർശനാത്മകമായി അവയോട് അനുരൂപപ്പെടുകയും വേണം.

സന്ദിഗ്ധതകളുടെ പെരുവഴിത്താരയിലാണ് പുതുതലമുറ സഞ്ചരിക്കുന്നത്.സിദ്ധാന്തങ്ങളും പ്രയോഗങ്ങളും പ്രത്യയശാസ്ത്രങ്ങളും കൂടിക്കലരുന്നതിന്റമകലനുലും മുഴക്കവും അനേകരെ

ചകിതരാക്കുന്നു.ആചാരബദ്ധവും അനുഷ്ഠാന ഷാഠ്യവുമേറിയ ഏകമുഖമതചിന്തകളിലും രാഷ്ട്രീയ പ്രമാണങ്ങളിലും ഉറച്ചു നിൽക്കാൻ അഖർക്കേവർക്കും സാധിക്കണമെന്നില്ല.ദാർഢ്യമില്ലാത്ത അരാജക വാദികളെന്ന് പരിഹസിച്ച് അത്തരക്കാരെ പുറത്തു നിർത്തുകയാണ് മുഖ്യധാരയുടെ ഔപചാരിക ശീലം. വ്രതനിഷ്ഠയുള്ള മുതിർന്നവരെ സംബന്ധിച്ച് ഇവർ ദൈനംദിന വൃത്തിയുടെ ചപലമായ രസക്കൂട്ടുകളിൽ മുങ്ങി നിവരുന്നവരാണ്.കാമ്പും കതിർക്കനവുമുള്ള പലതും അവരുടെ നീളൻ കീശകളിൽ ഒളിഞ്ഞിരിപ്പുണ്ടാക്കമെന്ന് തിരിച്ചറിയാത്തതെന്താണ്? ഋജുവും വക്ര പൊട്ടാത്തതുമായ ഒരേ അളവും പാത്രങ്ങശ് കൊണ്ട് അവരുടെ വിനിമയമൂല്യം തിട്ടപ്പെടുത്താനോ വിധി തീർപ്പുകളിൽ എത്താനോ സാധിക്കാത്തതല്ലേ പ്രധാന പ്രശ്നം?ബഹുലതകളുടെയും ബഹുകാര്യ വ്യഗ്രതകളുടെയും പക്കമേളങ്ങൾക്കിടയിൽ നിന്ന് വൈയക്തികമായ ആന്തരികാന്വേഷണങ്ങളുടെ ഒരു കാലടിപ്പാതയിലേക്ക് അവർ സ്വയം പ്രവേശിച്ചുകൊള്ളും. അങ്ങനെ പല കൈവഴികളിലൂടെ സംശയാലുക്കളായി യാത്ര ചെയ്യേക്കാവുന്നവരെട അനുഭാവപൂർവ്വം സമീപിക്കുകയാണ് "നല്ല നടപ്പ്" കാരുടെ ദൗത്യങ്ങളിലൊണ് കളിയായി കാര്യമായും പറയാം.

ഒരറ്റം അടഞ്ഞ അച്ചടക്കക്കുഴലുകളിലേക്ക് ഇളം തലമുറയെ ഒന്നടങ്കം തള്ളിവിടുന്നത് ശാശ്വത ഫലസിദ്ധിയേകുന്ന പ്രവർത്തിയല്ല.ഏകതാനമായ പുറവടിവുകശ്ക്കള്ളിൽ ചിറകറ്റും മുളയൊടിഞ്ഞും ഉള്ളിലുള്ള മികച്ചതുനെ പുറത്തെടുക്കാനാവാതെ സൗന്ദര്യത്തികവാർന്നതാക്കുന്നത് ജൈവവൈവിധ്യത്തിന്റെ പലമയും പ്രസരിപ്പുമാണ്.വിരിഞ്ഞു പുറത്തുവരുവാനും വളർന്നു ഫലം ചൂടുവാനും വ്യത്യസ്ത അളവിലും ക്രമത്തിലുമാണ് ജലവും വെളിച്ചവും പകരേണ്ടത്. ആഭിമുഖ്യങ്ങളും അഭിരുചികളും വ്യതിരിക്തമായതിന്റെ പേരിൽ ആരെയും ഒറ്റപ്പെടുത്തിക്കൂടാ.

നവതലമുറ പുലരുന്നത് മാധ്യവീകൃത ലോകത്തിലാണ്. തീവ്രമായ ഏകാഗ്രതയും അതീവ ജാഗ്രതയും സമഗ്രദർശനവും ന്യൂജനറേഷനിൽ കണ്ടെത്താൻ കഴിയണമെന്നില്ല,ശകലിതമായും വ്യത്യസ്ത ഖണ്ഡങ്ങളായും ജീവിതത്തെയും ചുറ്റ പാടുകളെയും വീക്ഷിച്ച് പരിചയിച്ചവരാണവർ.ചുറ്റുപാടും മിന്നിമായുന്ന ജീവിതഖണ്ഡങ്ങളുടെ ആന്തരസന്നിവേശത്തിലൂടെ അവർ ചില കാഴ്ചപ്പാടുകൾ സമാഹരിച്ചിട്ടുണ്ട്. ദൃശ്യസംസ്കാരത്തിന്റെ ഉപോത്പന്നമായ ഈ പുതുമുറശീലത്തോട് മുതിർന്നവരുടെ പ്രായോഗിക പരിജ്ഞാനവും മുന്നറിവുകളും കണ്ണിചേരുകയാണ് വേണ്ടത്.

കുടുംബ-വിദ്യാലയ ശിക്ഷണ ക്രമങ്ങളിൽ ചില വിചാര മാതൃകാ വ്യതിയാനങ്ങൾക്കുള്ള കാലം അതിക്രമിച്ചിരിക്കുന്നു.അർത്ഥങ്ങളെയും മൂല്യങ്ങളെയും അടിച്ചേൽ പ്പിക്കുന്നതിനേക്കാൾ  ഇടപെടലുകളിലൂടെയും സഹബന്ധങ്ങളിലൂടെയും അവയെ ആന്തരീകമായി ആർജ്ജിച്ചെടുക്കാൻ അവസരമൊരുങ്ങണം.മികച്ച ഗുരുക്കന്മാരുടെ ബോധന മാർഗങ്ങള് അത്തരത്തിലായിരുന്നു.സോക്രട്ടീസും ബുദ്ധനും അരിസ്റ്റോട്ടിലും ആർ ഷഭാരതത്തിലെ സന്ന്യാസി പരമ്പരകളുമെല്ലാം ഇത്തരങ്ങൾനൽ കുന്നതിനേക്കാള് ചോദ്യം ഉന്നയിച്ചവരും, സന്ദിഗ്ധവും  സമസ്യാ സമാനവുമായ പ്രതിമൊഴികള് സമ്മാനിച്ചവരുമാണ്.പകലന്തിയോളം വാക്കുകളെ മുറിച്ചു കടന്ന് ചെയ്തികളുടെ സൂക്ഷ്മതയിലൂടെയും ചുറ്റുപാടുകളോട് പുലർത്തിയ ആഭിമുഖ്യങ്ങളുടെ കരുതലിലൂടെയും അവർ നിരവധി ചെരാതുകൾ തെളിച്ചെടുത്തു. അവയാണ് അർത്ഥങ്ങളുടെ ചൂട്ടുകറ്റകളായി പിൻഗാമികളുടെ വഴികളിൽ വെളിച്ചം നിറച്ചതും.



എലിസബത്ത് തോമസ്
IX B

# വായനാ ദിനം

## ഉപന്യാസം

### വളരട്ടെ വായന തുറക്കട്ടെ മനം


ശാസ്ത്രത്തിൻെറ പുരോഗതി എല്ലാ അർത്ഥത്തിലും വാരിചൊരിഞ്ഞ ദൈവത്തിൻെറ സ്വന്തം നാടാണല്ലോ കേരളം. ആശയ വിനിമയ സാധ്യതകൾക്കായി ലോകം വികസിപ്പിച്ചെടുത്ത ഉപകരണങ്ങളാണ് റേഡിയോയും ടെലിവിഷനും ടെലിഫോണും. വിദ്യാഭ്യാസം വാണിജ്യം വാർത്താവിനിമയം തുടങ്ങിയ നിരവധി രംഗങ്ങളിൽ വലിയ സേവനങ്ങൾ മനുഷ്യൻ ചെയ്യാൻ പോന്ന ഒരത്ഭുതകരമായ കംപ്യൂട്ടർ ശ്രികലയാണിത്. ആശയവിനിമയത്തിൻെറ ഏറ്റവും ഉയർന്ന പടി. ഇന്റർനെറ്റ് ഈ ലോകത്തെ ഒരു ഗ്രാമമായി ചുരുക്കുന്നു.ലോകത്തെവിടെയായിരുന്നാലും സെക്കന്റുകൾക്കുള്ളിൽ വിവരങ്ങൾ ഇന്റർനെറ്റിലൂടെ ലഭിക്കുന്നു.മനുഷ്യന്റെ എല്ലാ ഘട്ടങ്ങളിലും നിർണായകമായ സ്വാധീനം ചെലുത്തുന്ന ഒരംഗമായി മാറിയിരിക്കുകയാണ്. ഇന്ന് കംപ്യൂട്ടർ.കംപ്യൂട്ടറെന്ന് കേട്ടാൽ അറിയാത്തവരായി വളരെ കുറച്ച് പേരെ ഈ ഭൂമുഖത്തുണ്ടാവുകയുള്ളൂ.കാർഷിക ജ്ഞാനത്തിലും സാമൂഹിക തലത്തിലും ബഹിരാകാശ തലത്തിലും ഇന്ന് കംപ്യൂട്ടറിന്റെ സ്വാധീനം വളരെ അനിവാര്യമാണ്.

കംപ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഈ കാലഘട്ടത്തിൽ പുസ്തകങ്ങൾക്കും വായനാശീലത്തിനും ഏറെ അർത്ഥവും ലക്ഷ്യവുമുണ്ട്.ലേഡി മുണ്ഡേകോ

പറയുന്നതുപോലെ "ഏറ്റവും ചിലവു കുറഞ്ഞതും ഏറെ ഫലം തരുന്നതുമായ വിജ്ഞാനവിനോദോൽപാതിയാണ് വായന.”ശരിയായ പുസ്തകവായന മനുഷ്യനെ അറിവിൻെറ അനന്തചക്രവാളങ്ങളിലേക്ക് കടന്നുചെല്ലുവാൻ സഹായിക്കും.

സ്നേഹ എസ് നായർ

IX A



# ദാരിദ്ര്യം

ലേഖനം

ജീവിതത്തിനാവശ്യമായ സുഖസൗകര്യങ്ങളുടെ (വേണ്ടത്ര ആഹാരം, വസ്ത്രം, പാർപ്പിടസൗകര്യം, ശുദ്ധജലം, ആരോഗ്യസുരക്ഷ, വിദ്യാഭ്യാസം, തൊഴില്, സ്വാതന്ത്ര്യം) ഇല്ലായ്മയും അത്യാവശ്യസാധനങ്ങളുടെ ദൗർലഭ്യതയും ഉളവാക്കുന്ന അവസ്ഥ. അത്യാവശ്യച്ചെലവുകൾ പോലും നേരിടാനുള്ള വരുമാനമില്ലാത്ത സാഹചര്യം മനുഷ്യനെ അഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ സാമൂഹ്യപ്രശ്നമാണ് . മുകളിൽ പറഞ്ഞ സുഖസൗകര്യങ്ങൾ ഇല്ലാതെ ജീവിതം നയിക്കുന്നവരാണ് ദരിദ്രർ. ദീർഘകാലം നീണ്ടുനില്ക്കുന്ന രോഗമോ അംഗവൈകല്യമോ ദാരിദ്ര്യത്തെ രൂക്ഷതരമാക്കുന്നു. ആധുനിക ധനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായപ്രകാരം ദാരിദ്ര്യത്തിന്റെ സാന്നിധ്യം ഒരു പൊരുത്തക്കേടിനെയാണ് കാണിക്കുന്നത്. ബുദ്ധിപൂർവകമായ സാമൂഹ്യനയം മൂലം ഇതു പരിഹരിക്കാവുന്നതുമാണ്. വിഭാഗങ്ങൾ ദാരിദ്ര്യത്തെ പ്രാഥമിക ദാരിദ്ര്യമെന്നും ദ്വിതീയദാരിദ്ര്യമെന്നും രണ്ടായി തരംതിരിച്ചിട്ടുണ്ട്. പ്രാഥമിക ദാരിദ്ര്യമെന്ന് പറഞ്ഞാൽ ചുരുങ്ങിയ ജീവിതാവശ്യങ്ങൾ നിർവഹിച്ച് ശാരീരികകാര്യക്ഷമത നിലനിർത്തിക്കൊണ്ടുപോകാൻ വരുമാനം അപര്യാപ്തമായ അവസ്ഥയാണ്. ദ്വിതീയ ദാരിദ്ര്യമാകട്ടെ ദുർവ്യയപരമായ ചെലവുകളില്ലെങ്കിൽ കിട്ടുന്ന വരുമാനം ശാരീരിക കാര്യക്ഷമത നിലനിർത്തിക്കൊണ്ടുപോകാൻ മതിയാകും എന്ന അവസ്ഥയാണ്.

## ദാരിദ്ര്യരേഖ

ദരിദ്ര വിഭാഗങ്ങളിൽ പെട്ടവരെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കാനായി ഒരാൾക്കാവശ്യമായ ഏറ്റവും കുറഞ്ഞ ഉപഭോഗനിലവാരത്തെ ദാരിദ്ര്യരേഖയായി നിർവചിച്ചിരിക്കുന്നു. 'ദാരിദ്ര്യരേഖ'യ്ക്കു താഴെയുള്ള

ആളുകളുടെ അനുപാതത്തെ ദാരിദ്ര്യത്തിന്റെ വ്യാപ്തി അളക്കുവാനായി ഉപയോഗിക്കുന്നു.

## കേരളത്തിന്റെ അവസ്ഥ

കേരളത്തിലെ ദാരിദ്ര്യത്തിന് കാരണമായി വർത്തിക്കുന്നത് ജനപെരുപ്പവും വികസനക്കുറവുമാണ്. അഭ്യസ്തവിദ്യരുടെ ഇടയിലുള്ള തൊഴിലില്ലയ്മ ഇത്ര രൂക്ഷമായി കാണുന്ന മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ല. സാങ്കേതികമായി പിന്നോക്കം നില്ക്കുന്ന കയർ, കൈത്തറി, കശുവണ്ടി , , തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെട്ട സംസ്ഥാനത്തിന്റെ വ്യവസായമേഖല ഒട്ടും വളർന്നിട്ടില്ല. എന്നാൽ ഇന്ത്യയൊട്ടാകെയുള്ളതിന് വിപരീതമായി, കേരളത്തിലെ ഏറ്റവും കീഴെക്കിടയിലുള്ള 30 ശതമാനം ജനങ്ങളുടെ ജീവിതനിലവാരത്തിൽ നേരിയ പുരോഗതി ഉണ്ടായതായി കാണുന്നു. അതോടൊപ്പം ഏറ്റവും മുകൾത്തട്ടിലുള്ള 10 ശതമാനം ജനങ്ങൾക്ക് സ്ഥായിയും അദ്ഭുതപൂർവവുമായ നേട്ടങ്ങളും ഉണ്ടായി. ബാക്കിയുള്ള 60 ശതമാനംജനങ്ങൾ കൂടുതൽ ദരിദ്രരാവുകയാണുണ്ടായത്.

പ്ലാനിങ് കമ്മിഷൻെറ പുതിയ നിർവചനമനുസരിച്ച് ഒരു ദിവസം 2400 കലോറി പോഷകാഹാരം ലഭിക്കുന്ന ഗ്രാമവാസിയും 2100 കലോറി പോഷകാഹാരം ലഭിക്കുന്ന നഗരവാസിയും കഷ്ടിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിലാണ് നിലകൊള്ളുന്നത്. പൂർണമായ തൊഴിൽരാഹിത്യം, ഭാഗികമായ തൊഴിലില്ലായ്മ, കാർഷികസേവനമേഖലകളിലെ ഒരു പ്രധാന വിഭാഗം ഉത്പാദകരുടെ കുറഞ്ഞ വിഭവശേഷി എന്നിവയാണ് കടുത്ത ദാരിദ്ര്യത്തിനുള്ള പ്രധാന കാരണങ്ങൾ. അതിനാൽ തൊഴിൽരാഹിത്യം,

ഭാഗികമായ തൊഴിലില്ലായ്മ, താഴെക്കിടയിലുള്ളവരുടെ വൻതോതിലുള്ള ദാരിദ്ര്യം എന്നീ പ്രശ്നങ്ങളുടെ മേൽ നേരിട്ടുള്ള കടന്നാക്രമണം ഇന്ന് ആവശ്യമാണ്. ഈ ആക്രമണത്തിൽ പ്രധാന ഘടകം വൻതോതിലും വ്യാപകമായ രീതിയിലും തൊഴിൽ സാധ്യതകൾ നല്കുകയെന്നതാണ്. ഈ ശ്രമം സാങ്കേതികമായും ഭരണപരമായും നടപ്പാക്കാൻ കഴിയുന്നതായിരിക്കുകയും വേണം.

അഖില സന്തോഷ്

IX A



# TECH TALKS